## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.15** **26.02.2018- ൽ മറുപടിയ്ക്ക്**

## അലോപ്പതി മരുന്നുകളുടെ ഗുണനിലവാര പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ജോയി<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.എം.നൗഷാദ്<br>ശ്രീ.കെ.വി.വിജയദാസ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ ഇന്ത്യയിൽ വിറ്റഴിക്കപ്പെടുന്ന ആന്റിബയോട്ടിക്കുകളുടെ അറുപത്തിനാല് ശതമാനവും അംഗീകാരമില്ലാത്തവയാണെന്ന അന്താരാഷ്ട്ര ഗവേഷകരുടെ കണ്ടെത്തലിന്റെ പശ്ചാത്തലത്തിൽ കെ.എം.എസ്.സി.എൽ. വഴി നടത്തുന്ന മരുന്നു വാങ്ങലുകളിൽ ലോകാരോഗ്യ സംഘടനയുടെ അംഗീകാരം ലഭിച്ച കെ.എസ്.ഡി.പി.ക്ക് മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | എ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചതു മുതൽ കോർപ്പറേഷൻ മുഖേന നടത്തുന്ന മരുന്ന് വാങ്ങലുകളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.എൽ-ന് മുൻഗണന നൽകി വരുന്നുണ്ട്. ഓരോ വർഷവും സർക്കാർ ആശുപത്രികൾക്ക് സൗജന്യമായി നൽകി വരുന്ന ജനറിക് മരുന്നുകളുടെ പട്ടിക മുൻകൂട്ടി കെ.എസ്.ഡി.പി.എൽ - ന് നൽകുകയും അതിന്മേൽ കെ.എസ്.ഡി.പി.എൽ - ന് നിർമ്മിച്ച നൽകാൻ സാധിക്കുന്ന മരുന്നുകളുടെ പട്ടിക ലഭ്യമാക്കുന്നതനുസരിച്ച് ആയതിനുള്ള വിതരണ ഉത്തരവുകൾ ദർഘാസ് എൽ -1 നിരക്കിനേക്കാൾ 25% അധികം നൽകി ദർഘാസ് നടപടികൾ കൂടാതെ നേരിട്ട് സംഭരിച്ച വരുന്നുണ്ട്. ഇവയിൽ ആന്റിബയോട്ടിക്കുകളും ഉൾപ്പെടുന്നുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ ആരോഗ്യവകുപ്പിലെ വിരനിർമ്മാർജ്ജന പദ്ധതിയ്ക്കാവശ്യമായ ആൽബൻഡസോൾ ഗുളികകൾ ദർഘാസ് നടപടികൾ കൂടാതെ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖാന്തിരം നേരിട്ട് കെ.എസ്.ഡി.പി യിൽ നിന്നും സംഭരിച്ചിട്ടുണ്ട്. |

| | |
|---|---|
| ബി മരുന്നു കമ്പനികളുടെ ഏജന്റുമാരുടെ പ്രലോഭനത്തിൽ ഗണ്യമായ ഒരു വിഭാഗം ഡോക്ടർമാർ മരുന്നുകളുടെ ജനറിക് നാമം കുറിക്കാൻ വൈമുഖ്യം കാണിക്കുന്നത് അവസാനിപ്പിക്കാൻ ഇടപെടൽ നടത്തുമോ; | ബി മരുന്നുകളുടെ ജനറിക് നാമം വ്യക്തമായി കുറിക്കുന്നതിന് ആരോഗ്യവകുപ്പിലേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലേയും ഡോക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ഇക്കാര്യം കർശനമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനായി ബന്ധപ്പെട്ട സൂപ്രണ്ടിന്റെ കീഴിൽ ഒരു സെൽ രൂപീകരിക്കുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടർക്കും ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ചില ഡോക്ടർമാർ ബ്രാൻഡഡ് മരുന്നുകൾ കുറിക്കുന്ന രീതി തുടരുന്നു എന്ന് പൊതുജനങ്ങളിൽ നിന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 21.11.2017 ൽ ജില്ലാതല Prescription Audit Committee രൂപീകരിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഡോക്ടർമാർ ജനറിക് നാമത്തിൽ തന്നെയാണോ കുറിപ്പടി നൽകുന്നതെന്ന് പരിശോധിക്കുന്നുണ്ട്. |
| സി 6000 കോടി രൂപയിലധികം വിറ്റുവരവുള്ള സംസ്ഥാനത്തിലെ അലോപ്പതി മരുന്നു വിപണിയിൽ റാൻഡം സാമ്പിളിംഗിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാര പരിശോധനയ്ക്ക് എടുക്കുന്ന മരുന്നുകൾ വിലകൊടുത്തു വാങ്ങേണ്ടവയായതിനാൽ അതിനായി നീക്കിവയ്ക്കുന്ന തുകവർദ്ധിപ്പിച്ച് കൂടുതൽ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന ശക്തിപ്പെടുത്താൻ നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കാമോ? | സി വിപണിയിൽ ലഭ്യമാകുന്ന മരുന്നുകളുടെ ബാഹുല്യത്തിനനുസരിച്ച് റാൻഡം സാമ്പിളിംഗ് വഴി മരുന്നു സാമ്പിളുകൾ ശേഖരിക്കുന്നതിനാവശ്യമായ തുക വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ